പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3298

11.05.2017 ൽ മറുപടിക്ക്

## കരിങ്കൽ ക്വാറികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) | കരിങ്കൽ ക്വാറികൾക്ക് അനുമതി നൽകുന്നതിലെ നയം പുനഃപരിശോധിക്കണമെന്ന ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ ക്വാറികളെക്കുറിച്ച് പീച്ചി വനഗവേഷണ കേന്ദ്രം പഠനം നടത്തുകയുണ്ടായോ; | (ബി) | നടത്തിയിട്ടുണ്ട്. ഗൂഗിൾ മാപ്പ്, ഗൂഗിൾ എർത്ത് എന്നിവയുടെ സഹായത്തോടെ നടത്തിയിട്ടുള്ള മാപ്പിംഗ് അധിഷ്ഠിതമായ വ്യഖ്യാനമാണ് പ്രസ്തുത പഠനം. |
| (സി) | എങ്കിൽ സംസ്ഥാനത്തൊട്ടാകെ എത്ര ക്വാറികൾ ഉണ്ടെന്നാണ് വ്യക്തമായിട്ടുള്ളത്; | (സി) യും (ഡി) യും (ഇ) യും | പീച്ചി വന ഗവേഷണ കേന്ദ്രത്തിന്റെ പഠന റിപ്പോർട്ട് പ്രകാരം കേരളത്തിൽ 5924 ക്വാറികളാണുള്ളത്. ഇവ 7157.6 ഹെക്ടർ ഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. വടക്കൻ കേരളത്തിൽ 1969 ഉം തെക്കൻ കേരളത്തിൽ 1517 ഉം മദ്ധ്യകേരളത്തിൽ 2438 ഉം ക്വാറികളാണുള്ളത്. പ്രവർത്തനരഹിതമായ ക്വാറികളുടെ എണ്ണവും ഈ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഈ ക്വാറികൾ എത്ര ഹെക്ടർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. | | |
| (ഇ) | വടക്കൻ കേരളം, തെക്കൻ കേരളം, മദ്ധ്യ കേരളം എന്നിവിടങ്ങളിൽ യഥാക്രമം എത്ര ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ